പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. T3683 | 20/06/2019 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## ഹോസ്റ്റലുകളിലെ ഭക്ഷണത്തിൻെറ ഗുണനിലവാരവും ശുചിത്വവും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സണ്ണി ജോസഫ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളോട് അനുബന്ധിച്ചുള്ള ഹോസ്റ്റലുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണം ഗുണനിലവാരവും ശുചിത്വവും ഉള്ളതാണെന്ന് വിലയിരുത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; | എ) | സംസ്ഥാനത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളോടനുബന്ധിച്ചുള്ള ഹോസ്റ്റൽ മെസ്സുകൾ/ ക്യാന്റീനുകൾ എന്നിവയിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും ന്യൂനതകൾ കണ്ടെത്തുന്ന പക്ഷം അത് പരിഹരിക്കുന്നതിന് നോട്ടീസ് നൽകുകയും തുടർ പരിശോധനകളിൽ അത് ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുടർ പരിശോധനയിൽ ന്യൂനതകൾ പരിഹരിച്ചില്ലെങ്കിൽ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| ബി) | പ്രസ്തുത ഹോസ്റ്റലുകളിൽ നിന്നും ഭക്ഷണം കഴിക്കുന്ന കുട്ടികൾക്ക് കൂട്ടത്തോടെ ഭക്ഷ്യവിഷബാധ ഏൽക്കുന്ന സംഭവങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ; | ബി) | ഭക്ഷ്യവിഷബാധകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |
| സി) | ഉണ്ടെങ്കിൽ പ്രസ്തുത ഹോസ്റ്റലുകളിൽ നിരന്തര പരിശോധന നടത്തുന്നതിനും അവിടുത്തെ ക്യാന്റീനുകൾ വൃത്തിയുള്ള സാഹചര്യത്തിലാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നതിനും അദ്ധ്യയന വർഷത്തിന്റെ തുടക്കത്തിൽ തന്നെ നടപടി സ്വീകരിക്കുമോ? | സി) | ഇത്തരം സ്ഥാപനങ്ങൾ വൃത്തിയുള്ള സാഹചര്യത്തിലാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ നിരവധി ബോധവൽക്കരണ ക്ലാസുകൾ, ലൈസൻസ്/ രജിസ്ട്രേഷൻ മേളകൾ തുടങ്ങിയവ സംഘടിപ്പിച്ച് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള 579 സ്ഥാപനങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ